**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 288** **27-06-2024 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി കുഞ്ഞുങ്ങൾക്കുള്ള സഹായ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ വി ജോയി,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ ജി സ്റ്റീഫൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഭിന്നശേഷി കുഞ്ഞുങ്ങൾക്കും അപൂർവ്വ രോഗത്തിന് ഇരയാകുന്ന കുഞ്ഞുങ്ങൾക്കും വേണ്ടി നടത്തിവരുന്ന സഹായ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | സാമൂഹ്യനീതി വകുപ്പ് മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ<br><br>വിദ്യാജ്യോതി പദ്ധതി<br><br>വിദൂര വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള ധനസഹായപദ്ധതി<br><br>വിജയാമൃതം പദ്ധതി<br><br>ശ്രേഷ്ഠം പദ്ധതി<br><br>സാമൂഹ്യ സുരക്ഷ മിഷന്റെ ഭാഗമായ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് അനുയാത്രാ പദ്ധതിയുടെ ഭാഗമായി ഭിന്നശേഷിക്കാരായ കുട്ടികൾക്കായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. സർക്കാർ ആശുപത്രികളിൽ നവജാത ശിശുക്കളുടെ കേൾവി പരിശോധന.<br><br>2. കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA പരിശോധന<br><br>3. ആഡിറ്ററി വെർബൽ തെറാപ്പി സെന്റർ<br><br>4. റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ<br><br>5. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ<br><br>6. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ<br><br>7. ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്പെഷ്യൽ അങ്കണവാടികൾ |

8. ഭിന്നശേഷിക്കാർക്കായുള്ള ഹെൽപ്പ് ഡെസ്ക് (1800 120 1001)

9. ഓട്ടിസം സെന്ററുകൾ

10. ഹോർട്ടികൾച്ചർ തെറാപ്പി

11. റീഹാബ് എക്സ്പ്രസ്

12. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ

NIPMR മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികളും അവരുടെ വളർച്ചയും മുന്നോട്ടുള്ള പഠനത്തിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികളും

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഫിസിയോ തെറാപ്പി, സ്പീച്ച് ആന്റ് ലാംഗ്വേജ് തെറാപ്പി, ബിഹേവിയറൽ തെറാപ്പി, ഒക്യൂപ്പേഷണൽ തെറാപ്പി, ഡെവലപ്പ്മെന്റൽ തെറാപ്പി, പ്രോസ്തറ്റിക്സ് ആന്റ് ഓർത്തോറ്റിക്സ് സേവനങ്ങൾ, സ്പ്ലിൻറുകൾ, ന്യൂട്രീഷൻ ആന്റ് ഡയറ്ററ്റിക്സ് സേവനങ്ങൾ, കസ്റ്റമൈസേഷൻ നടത്തിയ സഹായക ഉപകരണങ്ങൾ, അക്വാട്ടിക് ഹൈഡ്രോ തെറാപ്പി, ദന്ത പരിചരണം, നേത്രാരോഗ്യ വിദഗ്ധന്റെ സേവനം, ഫിസിയാട്രിസ്റ്റ്, ഡെവലപ്പ്മെന്റൽ പീഡിയാട്രിഷ്യൻ മെഡിക്കൽ ഡോക്ടർമാരുടെ സേവനം എന്നിവ നൽകി വരുന്നു. ഇതോടൊപ്പം താഴെ പറയുന്ന സേവനങ്ങളും നൽകി വരുന്നു.

1. റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ റിസർച്ച് സെന്റർ (RARRC)

2. സെറിബ്രൽ പാൾസി റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ (CPRRC)

3. ചൈൽഡ് ഡെവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ (CDRC)

4. സ്പെഷ്യൽ സ്കൂളുകൾ : ഭിന്നശേഷിക്കാരുടെ സമഗ്രമായ വികസനം ലക്ഷ്യം വെച്ച് സെറിബ്രൽ പാൾസി, ഓട്ടിസം സ്പെക്ട്രം ഡിസോർഡർ, ഇന്റലെക്ച്വൽ ഡിസെബിലിറ്റി എന്നിവയിൽ മൂന്ന് സ്പെഷ്യൽ സ്കൂളുകൾ NIPMR ൽ പ്രവർത്തിക്കുന്നു.

നിഷ് മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ

ഓഡിയോളജി ആൻഡ് സ്പീച്ച് ലാംഗ്വേജ് പതോളജി വിഭാഗം-കുട്ടികളുടെയും മുതിർന്നവരുടെയും കേൾവിശക്തി പരിശോധിച്ച് അനുയോജ്യമായ

ശ്രവണസഹായി നിർദ്ദേശിക്കുകയും ചെവിയുടെ അളവിനനുസരിച്ച് ഇയർമോൾഡ് നിർമ്മിച്ച് ശ്രവണസഹായി ഘടിപ്പിക്കുകയും ശ്രവണ പരിശീലനം നൽകുകയും ചെയ്യുന്നു.

ന്യൂറോ ഡെവലപ്മെന്റൽ സയൻസസ് വിഭാഗം- കുട്ടികളിലെ നാഡീവ്യൂഹ വളർച്ചയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് സേവനങ്ങൾ നൽകുന്നു.

ഒക്യുപേഷണൽ തെറാപ്പി-ഓട്ടിസം, നാഡീവികാസപരമായ തകരാറുകൾ, ജനിതക തകരാറുകൾ, പഠനപരിമിതികൾ, അറ്റൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക്റ്റിവിറ്റി ഡിസോർഡർ തുടങ്ങിയ പ്രശ്നങ്ങളുള്ള കുട്ടികൾക്ക് ശരിയായ പ്രതികരണശേഷിയും, പെരുമാറ്റരീതിയും വളർത്തിയെടുത്ത് ദൈനംദിന ജീവിതത്തിൽ സ്വയം പര്യാപ്തരാക്കാൻ പരിശീലിപ്പിക്കുന്നു.

മൾട്ടി സെൻസറി റൂം ഉചിതമായി രൂപകൽപന ചെയ്ത മൾട്ടി സെൻസറി റൂം ഇന്ദ്രിയങ്ങളെ ശരിയായി ഉത്തേജിപ്പിക്കുവാനും, പ്രതികരണം സൂക്ഷ്മമായി പരിശോധിക്കുവാനും സഹായിക്കുന്നു. പ്രസ്തുത റൂമിലെ ഉപകരണങ്ങൾ മുഖേന കുട്ടികളുടെ ചലനശേഷിയും, ഭാഷാപരമായും സാമൂഹികമായും ഉള്ള വികാസങ്ങളും ത്വരിതപ്പെടുത്തുന്നു.

കോക്ലിയാർ ഇംപ്ലാന്റ് ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ പ്രവർത്തന ക്ഷമത വിലയിരുത്താനുള്ള 'ശ്രുതി തരംഗം'.

EIP ആക്സസബിൾ ബുക്ക് ക്രീയേഷൻ പദ്ധതി

സ്ട്രക്ചേർഡ് ആന്റ് ടൈംലി എംപവർമെന്റ് ഓഫ് പേരന്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റി (STEPP)

നിഷ്- സെൻസറി പാർക്ക് 'സഫൽ സെൻസറിയം'

പീഡിയാട്രിക് ജിംനേഷ്യം

ഏകികൃത ആംഗ്യഭാഷാ അക്ഷരമാല വികസനം

കേരള ഗവൺമെന്റ് സ്ഥാപനങ്ങളുമായി ചേർന്ന്, ഓൺലൈൻ ഡിസെബിലിറ്റി അവയർനെസ്സ് സെമിനാർ (NIDAS)

കേരള യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ ശ്രവണ പരിമിതർക്കായുള്ള ബിരുദകോഴ്സുകൾ

(കമ്പ്യൂട്ടർ സയൻസ്, ഫൈൻ ആർട്സ്, കൊമേഴ്സ്) നടത്തുന്നു.

<u>ഭിന്നശേഷിക്ഷേമ കോർപറേഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾ</u>

ഭിന്നശേഷിക്കാർക്കായി പ്രൊഫിഷ്യൻസി അവാർഡ് 40 ശതമാനമോ അതിലധികമോ ഭിന്നശേഷിയുള്ളവരും, വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കാത്തവരുമായവർക്ക് എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ബി ഗ്രേഡോ, അതിനു മുകളിലോ വാങ്ങി പാസായ വിദ്യാർത്ഥികൾക്ക് 5000/-രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു.

ഗുരുതര ഭിന്നശേഷിത്വമുള്ള കുട്ടികൾക്കായി സ്ഥിര നിക്ഷേപ പദ്ധതി ഒരു ലക്ഷം രൂപയിൽ താഴെ പ്രതിവർഷ വരുമാനവും 50 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിത്വമുള്ള നവജാത ശിശു മുതൽ 12 വയസ് വരെ പ്രായമുള്ള കുട്ടികളുടെ പേരിൽ 20,000/- രൂപ നിക്ഷേപിക്കുന്നു. 18 വയസിനു ശേഷമോ അത്യാവശ്യ ഘട്ടങ്ങളിലെ തുക റിലീസ് ചെയ്യാവുന്നതാണ്.

<u>വിദ്യാഭ്യാസ വകുപ്പ് മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികളും അവരുടെ വളർച്ചയ്ക്കും മുന്നോട്ടുള്ള പഠനത്തിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികളും</u>

(1) 100% കാഴ്ച വൈകല്യമുണ്ടെന്ന് മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഉള്ള വിദ്യാർത്ഥികൾക്ക് പരീക്ഷയിൽ ചിത്രം വരയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ ഓരോ മണിക്കൂറിനും 15 മിനിട്ട് വീതം അധിക സമയവും സ്ക്രൈബിന്റെ സേവനവും അനുവദിച്ചിട്ടുണ്ട്.

(2) 50% ത്തിന് മുകളിൽ കാഴ്ചവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഓരോ മണിക്കൂറിനും 15 മിനിട്ട് വീതം അധിക സമയവും സ്ക്രൈബിന്റെ സേവനവും അനുവദിച്ചിട്ടുണ്ട്.

(3) 40-49% വരെ കാഴ്ചവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഓരോ മണിക്കൂറിനും 10 മിനിട്ട് വീതം അധിക സമയവും സ്ക്രൈബിന്റെ സേവനവും അനുവദിച്ചിട്ടുണ്ട്.

(4) 20-39% വരെ കാഴ്ചവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഓരോ മണിക്കൂറിനും 10 മിനിട്ട് വീതം അധിക സമയം അനുവദിച്ചിട്ടുണ്ട്.

(5) ബ്രെയ്-ലി സമ്പ്രദായത്തിൽ ഉത്തരമെഴുതുന്നവർക്ക് ഓരോ മണിക്കൂറിനും 15 മിനിട്ട് വീതം അധിക സമയം അനുവദിച്ചിട്ടുണ്ട്.

(6) ബധിര - മൂക വിദ്യാർത്ഥികൾക്ക് അവർ നേടുന്ന സ്കോറിന്റെ/മാർക്കിന്റെ 25% കൂടി പരീക്ഷ ജയിക്കുന്നതിലേക്കായി മാത്രം അധികമായി അനുവദിക്കുന്നുണ്ട്. ഈ വിഭാഗം വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ വിശദീകരിക്കുവാൻ ഒരു വ്യാഖ്യാതാവിന്റെ സേവനം കൂടി അനുവദിച്ചിട്ടുണ്ട്.

(7) അസ്ഥി സംബന്ധമായി വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഓരോ മണിക്കൂറിനും 10 മിനിട്ട് വീതം അധികമായി അനുവദിച്ചിട്ടുള്ളത് കൂടാതെ ഗ്രാഫുകൾ, ഡയഗ്രങ്ങൾ, ചിത്രങ്ങൾ ഇവ വരയ്ക്കേണ്ടതായ ചോദ്യങ്ങൾക്ക് ഉത്തരം നൽകേണ്ടതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ, സ്ക്രൈബിന്റെ സേവനവും അനുവദിച്ചിട്ടുണ്ട്.

(8) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഓരോ മണിക്കൂറിനും 10 മിനിറ്റ് അധിക സമയം, ഗ്രാഫുകൾ, ഡയഗ്രങ്ങൾ, ചിത്രങ്ങൾ ഇവ വരയ്ക്കേണ്ടതായ ചോദ്യങ്ങൾക്ക് ഉത്തരം നൽകേണ്ടതിൽ നിന്നും ഒഴിവാക്കൽ 25% ഗ്രേസ് മാർക്ക്, വ്യാഖ്യാതാവിന്റെയോ സ്ക്രൈബിന്റെയോ സേവനം എന്നിവ അനുവദിച്ചിട്ടുണ്ട്.

(9) പഠനവൈകല്യമുള്ള വിദ്യാർത്ഥികൾ

1. <u>ഡിസ് ലെക്സിയ</u>

ഈ വിഭാഗം വിദ്യാർത്ഥികൾക്ക് ഒരുപേപ്പറിന് മണിക്കൂറിന് 10 മിനിട്ട് അധികമായും കൂടാതെ ആവശ്യമെങ്കിൽ വ്യാഖ്യാതാവിന്റെ സേവനവും അനുവദിക്കുന്നതാണ്.

2. <u>ഡിസ് ഗ്രാഫിയ</u>

ഈ വിഭാഗം വിദ്യാർത്ഥികൾക്ക് ഒരുപേപ്പറിന് മണിക്കൂറിന് 10 മിനിട്ട് അധികമായി അനുവദിച്ചിട്ടുണ്ട്. കൂടാതെ ഒരു സ്ക്രൈബിനേയും അനുവദിച്ചിട്ടുണ്ട്.

3. <u>ഡിസ്കാൽക്കുലിയ</u>

ഈ വിഭാഗം വിദ്യാർത്ഥികൾക്ക് കണക്ക് വിഷയത്തിന് മാത്രമായി വ്യാഖ്യാതാവിന്റെ സേവനവും കൂടാതെ പേപ്പർ ഒന്നിന് മണിക്കൂറിന് 10 മിനിട്ട് അധിക സമയവും അനുവദിച്ചിട്ടുണ്ട്.

4. കാഴ്ച/കേൾവിശക്തി ഇല്ലാത്തവർ, കാഴ്ചശക്തി കുറഞ്ഞവർ, ബുദ്ധിമാന്ദ്യം ഉള്ളവർ, എഴുതുവാൻപ്രയാസം ഉള്ളവർ (ഡിസ്-ഗ്രാഫിയ), സെറിബ്രൽ പാൾസി, ഓട്ടിസം മുതലായ പ്രയാസങ്ങളുള്ള വിദ്യാർത്ഥികൾക്ക് പരീക്ഷയ്ക്കായി കമ്പ്യൂട്ടർ/ലാപ്പോപ്പ് എന്നിവ ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(10)

1. വി.എച്ച്.എസ്.ഇ. എൻ.എസ്.ക്യൂ.എഫ്. കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് IED വിഭാഗം കുട്ടികൾക്ക് അധിക സീറ്റുകൾ സംവരണം നൽകിയിട്ടുണ്ട്.

2. NSQF മാനദണ്ഡങ്ങൾക്ക് വിധേയമായി ഭിന്നശേഷി വിദ്യാർത്ഥികൾക്കായി PWD കോഴ്സുകളായ Domestic Data Entry Operation, Self Employed Tailor എന്നീ കോഴ്സുകൾ നിലവിലുണ്ട്.

(11)

1. വി.എച്ച്.എസ്.ഇ. എൻ.എസ്.കയഎഫ്. കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് IED വിഭാഗം കുട്ടികൾക്ക് അധിക സീറ്റുകൾ സംവരണം നൽകിയിട്ടുണ്ട്.

2. NSQF മാനദണ്ഡങ്ങൾക്ക് വിധേയമായി ഭിന്നശേഷി വിദ്യാർത്ഥികൾക്കായി PWD കോഴ്സുകളായ Domestic Data Entry Operation, Self Employed Tailor കോഴ്സുകൾ നിലവിലുണ്ട്.

3. സ്കൂളിലെ റിസോഴ്സ് അധ്യാപകന്റെ സേവനം വി.എച്ച്.എസ്.ഇ. വിഭാഗം ഭിന്നശേഷി വിദ്യാർത്ഥികൾക്ക് ആവശ്യാനുസരണം നൽകിവരുന്നുണ്ട്.

4. പരീക്ഷകൾക്ക് നിയമാനുസൃതമായ ഇളവുകളും ഇന്റർപ്രട്ടർ/സ്ക്രൈബിന്റെ സേവനവും നൽകുന്നുണ്ട്. ആയതിനാൽ പരീക്ഷകൾ വിജയിച്ച് ഉപരിപഠനത്തിന് വിദ്യാർത്ഥികളെ അനുയോജ്യരാക്കുന്നു.

<u>ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കുന്ന സഹായ പ്രവർത്തനങ്ങളും പദ്ധതികളും സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.</u>

ശ്രീ. അവിട്ടം തിരുനാൾ ആശുപത്രിയിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ ഗർഭിണികളുടേയും ഗർഭസ്ഥ ശിശുക്കളുടെയും ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് IIDP -യുടെ (Integrated Tribal Development Program) പട്ടിക വർഗ്ഗ സമഗ്ര ആരോഗ്യരക്ഷാ ശീർഷക പ്ലാനിൽ നിന്നും പരിശോധനകളും മരുന്നും കൂട്ടിരിപ്പകാർക്ക് ഒരു ദിവസം 200/- രൂപ നിരക്കിൽ ഡിസ്ചാർജ്ജ് ആകുന്നത് വരെ കൂട്ടിരിപ്പ് അലവൻസും ഡിസ്ചാർജ്ജ് സമയത്ത് രോഗികളെ അവരുടെ താമസ സ്ഥലത്ത് എത്തിക്കുക എന്നിവ ഈ പദ്ധതിയിലൂടെ സൗജന്യമായി ലഭ്യമാക്കുന്നു.

എസ്.എ.റ്റി ആശുപത്രിയിൽ പീഡിയാട്രിക്സ് യൂണിറ്റിൽ ഭിന്നശേഷി കുഞ്ഞുങ്ങൾക്കായി ഒ.പി ചികിത്സയും ഭിന്നശേഷി സർട്ടിഫിക്കറ്റിനായി വിലയിരുത്തലും നടത്തുന്നുണ്ട്.

അപൂർവ്വരോഗങ്ങൾക്ക് ഒരു പ്രത്യേക Rare Disease Clinic എസ്.എ.റ്റി ആശുപത്രിയിൽ വെള്ളിയാഴ്ച നടന്നു വരുന്നു.അതിനോടൊപ്പം ജനിതക ക്ലീനിക്കിലും അപൂർവ്വരോഗങ്ങളുള്ള കുട്ടികളെ ചികിത്സിക്കാറുണ്ട്. ചൊവ്വാഴ്ചയും വെള്ളിയാഴ്ചയുമായി അപൂർവ്വരോഗങ്ങളുള്ള കുട്ടികൾക്കുള്ള ഒ.പി വഴി അവരുടെ അസുഖം കണ്ടുപിടിക്കുന്നതിനും അസുഖത്തിനുള്ള ചികിത്സ നിർണ്ണയിക്കുന്നതിനും അത് നടപ്പാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ എസ്.എ.റ്റി ആശുപത്രിയിൽ ചെയ്തു വരുന്നു. എല്ലാ മാസവും ആദ്യത്തെ ചൊവ്വാഴ്ച എസ്.എം.എ രോഗ ബാധിതരായ കുഞ്ഞുങ്ങൾക്കായുള്ള ഒ.പി പീഡിയാട്രിക് ന്യൂറോളജി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ നടന്നു വരുന്നു.

വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ജനിക്കുന്ന നവജാത ശിശുക്കൾക്ക് താഴെ പറയുന്ന അപാകതകൾ കണ്ടുപിടിക്കാൻ സ്ക്രീനിംഗ് നടത്തുന്നു.

പുറമേക്ക് കാണുന്ന ജന്മനായുള്ള വൈകല്യങ്ങൾ

മെറ്റബോളിക് സ്ക്രീനിംഗ്

ശ്രവണ വൈകല്യങ്ങൾക്കുള്ള OAE ടെസ്റ്റ് (oto Acoustic Emission)

ജന്മനായുള്ള ഹൃദയത്തിലെ തകരാറുകൾക്കുള്ള പൾസ് ഓക്സിമെട്രി സ്ക്രീനിംഗ്

മേൽപ്പറഞ്ഞ ഏതെങ്കിലും തകരാറുകൾ ഉള്ളതായി കണ്ടെത്തിയ ശിശുക്കളെ ശലഭം പോർട്ടലിൽ രജിസ്റ്റർ ചെയ്യാറുണ്ട്. ഇത്തരം കേസുകൾ കണ്ടെത്തുന്നതിന് എല്ലാ മാസവും രണ്ടാമത്തെയും മൂന്നാമത്തെയും ആഴ്ചയിലെ തിങ്കളാഴ്ചയിൽ ജില്ലാ ഏർലി ഇന്റർവെൻഷൻ സെന്ററിലെ ജീവനക്കാർ ഇവിടെ ആശുപത്രി സന്ദർശിക്കുന്നു. കൂടുതൽ തുടർനടപടികൾ ആവശ്യമുള്ള കുഞ്ഞുങ്ങളെ കൽപ്പറ്റ കൈനാട്ടിയിലുള്ള ജില്ലാ ഏർലി ഇന്റർവെൻഷൻ സെന്ററിലേക്ക് റഫർ ചെയ്യുന്നു.

ജന്മനാ ഹൃദയത്തിന് തകരാർ കണ്ടെത്തുന്ന കുഞ്ഞുങ്ങളെ ഹൃദ്യം പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയും തുടർന്ന് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റിൽ പ്രവേശിക്കപ്പെട്ട ROP (Retinopathy of Prematurity) സ്ക്രീനിംഗ് ആവശ്യമുള്ള ഉയർന്ന അപകടസാധ്യതയുള്ള നവജാത ശിശുക്കളെ എല്ലാ ബുധനാഴ്ചയും ROP സ്ക്രീനിംഗിനായി ഇവിടത്തെ ഒഫ്താൽമോളജി വിഭാഗത്തിൽ കാണിക്കുന്നുണ്ട്.

അക്ഷയയുടെ കീഴിൽ രജിസ്റ്റർ ചെയ്ത വികലാംഗരായ മുതിർന്ന കുട്ടികളെ എല്ലാ ചൊവ്വാഴ്ചയും ഇവിടെ മെഡിക്കൽ ബോർഡ് കാണുകയും വികലാംഗ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നു.

ഓട്ടിസം, അറ്റൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക്ടിവിറ്റി ഡിസോർഡർ, മറ്റ് മാനസിക രോഗങ്ങൾ എന്നിവയുള്ള കുട്ടികളെ സൈക്യാട്രി ഡിപ്പാർട്ട്മെന്റിൽ കാണുകയും പതിവായി കൗൺസിലിംഗ് നൽകുകയും ചെയ്യുന്നു.

പട്ടിക വർഗ്ഗ സമഗ്ര ആരോഗ്യരക്ഷാ (പ്ലാൻ) ശീർഷകത്തിൽ പട്ടികവർഗ്ഗത്തിലെ നവജാത ശിശുക്കളുടെയും അവരുടെ അമ്മമാരുടെയും ചികിത്സാ ആനുകൂല്യങ്ങൾ ഈ പദ്ധതിയിലൂടെ ലഭ്യമാക്കി വരുന്നു.

ബിഹേവിയറൽ പീഡിയാട്രിക് യൂണിറ്റിൽ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ഭാഗമായി ഓട്ടിസം സെന്റർ, റീജിയണൽ ഏർലി ഇന്റർവെൻഷൻ സെന്റർ എന്നീ പ്രോജക്ടുകൾ വഴി കുട്ടികളിലെ പ്രശ്നങ്ങൾ നേരത്തെ കണ്ടുപിടിക്കുകയും അതിന്റെ പരിഹാര മാർഗ്ഗങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഇതിന്റെ ഭാഗമായി ഒക്യുപേഷണൽ തെറാപ്പി,

ഡവലപ്മെന്റൽ തേറാപ്പി, സ്പീച്ച് തെറാപ്പി എന്നിവ നൽകുന്നു.

അപൂർവ്വ രോഗങ്ങളുടെ പ്രത്യേക പദ്ധതി വഴി വില കൂടിയ മരുന്നുകൾ ചില അപൂർവ്വ രോഗങ്ങൾക്ക് നൽകി വരുന്നുണ്ട്. ഇതിനോടകം തന്നെ അപൂർവ്വ രോഗ രജിസ്ട്രിയിൽ 200 ഓളം കുട്ടികൾ രജിസ്റ്റർ ചെയ്യുകയും അതിൽ ഈ പ്രത്യേക പദവിക്ക് അനുയോജ്യരായ 8 കുട്ടികളെ കണ്ടെത്തുകയും അവർക്ക് ഇതുവഴി ഏകദേശം രണ്ടു കോടിയോളം രൂപയുടെ മരുന്നുകൾ കഴിഞ്ഞ 6 മാസത്തിനുള്ളിൽ എസ്.എ.റ്റി ആശുപത്രി വഴി നൽകിയിട്ടുണ്ട്. എസ്.എം.എ ക്ലിനിക്കിൽ രജിസ്റ്റർ ചെയ്ത കുട്ടികളിൽ 73 കുട്ടികൾക്ക് എസ്.എം.എ ചികിത്സയ്ക്കുള്ള വില കൂടിയ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. അപൂർവ്വ രോഗങ്ങളിൽ കൂടുതലും ജനിതക രോഗങ്ങളായതു കൊണ്ട് അതിന്റെ രോഗ നിർണ്ണയത്തിനായി ഒരു ജനിതക ലാബ് ചൈൽഡ് ഡവലപ്മെന്റ് സെന്റർ (സി.ഡി.സി) ന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ മെഡിക്കൽ കോളേജിൽ ഒരു പുതിയ ജനിതക ലാബിന്റെ പണി പുരോഗമിക്കുന്നുണ്ട്. ഇതു കൂടി പരിപൂർണ്ണമായി പ്രവർത്തനമാരംഭിക്കുന്നതോടു കൂടി തിരുവനന്തപുരം മെഡിക്കൽ കോളേജ് ജനിതക രോഗ നിർണ്ണയത്തിൽ അത്യാധുനിക സേവനം നൽകുവാൻ പ്രാപ്തമാകും. ജനിതക രോഗമായതുകൊണ്ട് ആദ്യത്തെ കുഞ്ഞിന് അസുഖമുണ്ടായാൽ അടുത്ത കുഞ്ഞിന് ഗർഭാഗവസ്ഥയി തന്നെ രോഗ നിർണ്ണയം നടത്തുവാനും, ജനിതക കൗൺസിലിംഗിനുമുള്ള സൗകര്യം എസ്.എ.റ്റി ആശുപത്രിയിൽ ലഭ്യമാണ്. അടുത്ത കാലത്ത് ഗവൺമെന്റ് എസ്.എ.റ്റി ആശുപത്രിയിൽ ജനിതക ഡിപ്പാർട്ട്മെന്റ് ആരംഭിച്ചതിനാൽ എല്ലാ ദിവസവും ജനിതകരോഗ ചികിത്സ നൽകാൻ സാധിക്കുന്നുണ്ട്.

എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ സംസാര വൈകല്യം ഉള്ള കുഞ്ഞുങ്ങൾക്ക് സ്പീച്ച് തെറാപ്പിയും ചലനശേഷി വൈകല്യമുള്ള കുട്ടികൾക്ക് ഫിസിയോതെറാപ്പിയും നൽകി വരുന്നു.

കേൾവിശക്തി പരിശോധിക്കുന്നതിനായി കുഞ്ഞു ജനിച്ച് മൂന്നു ദിവസത്തിനുള്ളിലും ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ആകുന്നതിനു മുൻപ് ഒ.എ.ഇ പരിശോധന നടത്തി വരുന്നു. ഹൃദയ സംബന്ധമായ അസുഖങ്ങൾ കണ്ടുപിടിക്കുന്നപക്ഷം അവരെ District Early Intervention Centre ലേക്ക് റഫർ ചെയ്യുകയും

| | | | |
|---|---|---|---|
| | | | ഘൃദ്യം പദ്ധതി വഴി ഓപ്പറേഷന് സൗകര്യം ലഭ്യമാക്കുകയും ചെയ്യുന്നു.<br><br>പഠനസംബന്ധമായ വൈകല്യമുള്ള കുട്ടികൾക്ക് ഡിസബിലിറ്റി ബോർഡ് കൂടി എഴുതാൻ ബുദ്ധിമുട്ട് നേരിടുന്ന കുട്ടികൾക്ക് ആവശ്യമെങ്കിൽ Scribe നെ വയ്ക്കുന്നതിനും മനസ്സിലാക്കാൻ ബുദ്ധിമുട്ട് ഉള്ള കുട്ടികൾക്ക് അധിക സമയം നൽകുന്നതിനും ശുപാർശ ചെയ്യുകയും ചെയ്യുന്നു. |
| (ബി) | അവരുടെ വളർച്ചയ്ക്കും മുന്നോട്ടുള്ള പഠനത്തിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ? | (ബി) | സാമൂഹ്യനീതി വകുപ്പ് മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ<br><br>വിദ്യാജ്യോതി പദ്ധതി<br><br>വിദൂര വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള ധനസഹായപദ്ധതി<br><br>വിജയാമൃതം പദ്ധതി<br><br>ശ്രേഷ്ഠം പദ്ധതി<br><br>സാമൂഹ്യ സുരക്ഷ മിഷന്റെ ഭാഗമായ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് അനുയാത്രാ പദ്ധതിയുടെ ഭാഗമായി ഭിന്നശേഷിക്കാരായ കുട്ടികൾക്കായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. സർക്കാർ ആശുപത്രികളിൽ നവജാത ശിശുക്കളുടെ കേൾവി പരിശോധന.<br><br>2. കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA പരിശോധന<br><br>3. ആഡിറ്ററി വെർബൽ തെറാപ്പി സെന്റർ<br><br>4. റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ<br><br>5. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ<br><br>6. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ<br><br>സെന്ററുകൾ<br><br>7. ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്പെഷ്യൽ അങ്കണവാടികൾ<br><br>8. ഭിന്നശേഷിക്കാർക്കായുള്ള ഹെൽപ്പ് ഡെസ്ക് (1800 120 1001)<br><br>9. ഓട്ടിസം സെന്ററുകൾ |

10. ഹോർട്ടികൾച്ചർ തെറാപ്പി

11. റീഹാബ് എക്സ്പ്രസ്

12. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ

<u>NIPMR മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികളും അവരുടെ വളർച്ചയും മുന്നോട്ടുള്ള പഠനത്തിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികളും</u>

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ഫിസിയോ തെറാപ്പി, സ്പീച്ച് ആന്റ് ലാംഗ്വേജ് തെറാപ്പി, ബിഹേവിയറൽ തെറാപ്പി, ഒക്യുപ്പേഷണൽ തെറാപ്പി, ഡെവലപ്പ്മെന്റൽ തെറാപ്പി, പ്രോസ്തറ്റിക്സ് ആന്റ് ഓർത്തോറ്റിക്സ് സേവനങ്ങൾ, സ്പ്ലിൻറുകൾ, ന്യൂട്രീഷൻ ആന്റ് ഡയറ്റിറ്റിക്സ് സേവനങ്ങൾ, കസ്റ്റമൈസേഷൻ നടത്തിയ സഹായക ഉപകരണങ്ങൾ, അക്വാട്ടിക് ഹൈഡ്രോ തെറാപ്പി, ദന്ത പരിചരണം, നേത്രാരോഗ്യ വിദഗ്ധന്റെ സേവനം, ഫിസിയാട്രിസ്റ്റ്, ഡെവലപ്പ്മെന്റൽ പീഡിയാട്രിഷ്യൻ മെഡിക്കൽ ഡോക്ടർമാരുടെ സേവനം എന്നിവ നൽകി വരുന്നു. ഇതോടൊപ്പം താഴെ പറയുന്ന സേവനങ്ങളും നൽകി വരുന്നു.

1. റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ റിസർച്ച് സെന്റർ (RARRC)

2. സെറിബ്രൽ പാൾസി റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ (CPRRC)

3. ചൈൽഡ് ഡെവലപ്പ്മെന്റ് ആന്റ് റിസർച്ച് സെന്റർ (CDRC)

4. സ്പെഷ്യൽ സ്കൂളുകൾ : ഭിന്നശേഷിക്കാരുടെ സമഗ്രമായ വികസനം ലക്ഷ്യം വെച്ച് സെറിബ്രൽ പാൾസി, ഓട്ടിസം സ്പെക്ട്രം ഡിസോർഡർ, ഇന്റലെക്ച്വൽ ഡിസെബിലിറ്റി എന്നിവയിൽ മൂന്ന് സ്പെഷ്യൽ സ്കൂളുകൾ NIPMR ൽ പ്രവർത്തിക്കുന്നു.

<u>നിഷ് മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ</u>

ഓഡിയോളജി ആൻഡ് സ്പീച്ച് ലാംഗ്വേജ് പതോളജി വിഭാഗം-കുട്ടികളുടെയും മുതിർന്നവരുടെയും കേൾവിശക്തി പരിശോധിച്ച് അനുയോജ്യമായ ശ്രവണസഹായി നിർദ്ദേശിക്കുകയും ചെവിയുടെ അളവിനനുസരിച്ച് ഇയർമോൾഡ് നിർമ്മിച്ച് ശ്രവണസഹായി ഘടിപ്പിക്കുകയും ശ്രവണ പരിശീലനം നൽകുകയും ചെയ്യുന്നു.

ന്യൂറോ ഡെവലപ്മെന്റൽ സയൻസസ് വിഭാഗം- കുട്ടികളിലെ നാഡീവ്യൂഹ വളർച്ചയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് സേവനങ്ങൾ നൽകുന്നു.

ഒക്യുപേഷണൽ തെറാപ്പി-ഓട്ടിസം, നാഡീവികാസപരമായ തകരാറുകൾ, ജനിതക തകരാറുകൾ, പഠനപരിമിതികൾ, അറ്റൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക്റ്റിവിറ്റി ഡിസോർഡർ തുടങ്ങിയ പ്രശ്നങ്ങളുള്ള കുട്ടികൾക്ക് ശരിയായ പ്രതികരണശേഷിയും, പെരുമാറ്റരീതിയും വളർത്തിയെടുത്ത് ദൈനംദിന ജീവിതത്തിൽ സ്വയം പര്യാപ്തരാക്കാൻ പരിശീലിപ്പിക്കുന്നു.

മൾട്ടി സെൻസറി റൂം ഉചിതമായി രൂപകൽപന ചെയ്ത മൾട്ടി സെൻസറി റൂം ഇന്ദ്രിയങ്ങളെ ശരിയായി ഉത്തേജിപ്പിക്കുവാനും, പ്രതികരണം സൂക്ഷമമായി പരിശോധിക്കുവാനും സഹായിക്കുന്നു. പ്രസ്തുത റൂമിലെ ഉപകരണങ്ങൾ മുഖേന കുട്ടികളുടെ ചലനശേഷിയും, ഭാഷാപരമായും സാമൂഹികമായും ഉള്ള വികാസങ്ങളും ത്വരിതപ്പെടുത്തുന്നു.

കോക്ലിയാർ ഇംപ്ലാന്റ് ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ പ്രവർത്തന ക്ഷമത വിലയിരുത്താനുള്ള 'ശ്രുതി തരംഗം'.

EIP ആക്സസബിൾ ബുക്ക് ക്രിയേഷൻ പദ്ധതി

സ്ട്രക്ചേർഡ് ആന്റ് ടൈംലി എംപവർമെന്റ് ഓഫ് പേരന്റ്സ് ഓഫ് പേഷ്യൺസ് വിത്ത് ഡിസെബിലിറ്റി (STEPP)

നിഷ്- സെൻസറി പാർക്ക് 'സഫൽ സെൻസറിയം'

പീഡിയാട്രിക് ജിംനേഷ്യം

ഏകികൃത ആംഗ്യഭാഷാ അക്ഷരമാല വികസനം

കേരള ഗവൺമെന്റ് സ്ഥാപനങ്ങളുമായി ചേർന്ന്, ഓൺലൈൻ ഡിസെബിലിറ്റി അവയർനെസ്സ് സെമിനാർ (NIDAS)

കേരള യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ ശ്രവണ പരിമിതർക്കായുള്ള ബിരുദകോഴ്സുകൾ (കമ്പ്യൂട്ടർ സയൻസ്, ഫൈൻ ആർട്സ്, കൊമേഴ്സ്) നടത്തുന്നു.

ഭിന്നശേഷിക്ഷേമ കോർപറേഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾ

ഭിന്നശേഷിക്കാർക്കായി പ്രൊഫിഷ്യൻസി അവാർഡ് 40 ശതമാനമോ അതിലധികമോ ഭിന്നശേഷിയുള്ളവരും, വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കാത്തവരുമായവർക്ക് എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ബി ഗ്രേഡോ, അതിനു മുകളിലോ വാങ്ങി പാസായ വിദ്യാർത്ഥികൾക്ക് 5000/-രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു.

ഗുരുതര ഭിന്നശേഷിത്വമുള്ള കുട്ടികൾക്കായി സ്ഥിര നിക്ഷേപ പദ്ധതി ഒരു ലക്ഷം രൂപയിൽ താഴെ പ്രതിവർഷ വരുമാനവും 50 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിത്വമുള്ള നവജാത ശിശു മുതൽ 12 വയസ് വരെ പ്രായമുള്ള കുട്ടികളുടെ പേരിൽ 20,000/- രൂപ നിക്ഷേപിക്കുന്നു. 18 വയസിനു ശേഷമോ അത്യാവശ്യ ഘട്ടങ്ങളിലെ തുക റിലീസ് ചെയ്യാവുന്നതാണ്.

<u>വിദ്യാഭ്യാസ വകുപ്പ് മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കുന്ന പദ്ധതികളും അവരുടെ വളർച്ചയ്ക്കും മുന്നോട്ടുള്ള പഠനത്തിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികളും</u>

(1) 100% കാഴ്ച വൈകല്യമുണ്ടെന്ന് മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഉള്ള വിദ്യാർത്ഥികൾക്ക് പരീക്ഷയിൽ ചിത്രം വരയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ ഓരോ മണിക്കൂറിനും 15 മിനിട്ട് വീതം അധിക സമയവും സ്ക്രൈബിന്റെ സേവനവും അനുവദിച്ചിട്ടുണ്ട്.

(2) 50% ത്തിന് മുകളിൽ കാഴ്ചവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഓരോ മണിക്കൂറിനും 15 മിനിട്ട് വീതം അധിക സമയവും സ്ക്രൈബിന്റെ സേവനവും അനുവദിച്ചിട്ടുണ്ട്.

(3) 40-49% വരെ കാഴ്ചവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഓരോ മണിക്കൂറിനും 10 മിനിട്ട് വീതം അധിക സമയവും സ്ക്രൈബിന്റെ സേവനവും അനുവദിച്ചിട്ടുണ്ട്.

(4) 20-39% വരെ കാഴ്ചവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഓരോ മണിക്കൂറിനും 10 മിനിട്ട് വീതം അധിക സമയം അനുവദിച്ചിട്ടുണ്ട്.

(5) ബ്രെയ്-ലി സമ്പ്രദായത്തിൽ ഉത്തരമെഴുതുന്നവർക്ക് ഓരോ മണിക്കൂറിനും 15 മിനിട്ട് വീതം അധിക സമയം അനുവദിച്ചിട്ടുണ്ട്.

(6) ബധിര - മൂക വിദ്യാർത്ഥികൾക്ക് അവർ നേടുന്ന സ്കോറിന്റെ/മാർക്കിന്റെ 25% കൂടി പരീക്ഷ ജയിക്കുന്നതിലേക്കായി മാത്രം അധികമായി അനുവദിക്കുന്നുണ്ട്. ഈ വിഭാഗം വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ വിശദീകരിക്കുവാൻ ഒരു വ്യാഖ്യാതാവിന്റെ സേവനം കൂടി അനുവദിച്ചിട്ടുണ്ട്.

(7) അസ്ഥി സംബന്ധമായി വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഓരോ മണിക്കൂറിനും 10 മിനിട്ട് വീതം അധികമായി അനുവദിച്ചിട്ടുള്ളത് കൂടാതെ ഗ്രാഫുകൾ, ഡയഗ്രങ്ങൾ, ചിത്രങ്ങൾ ഇവ വരയ്ക്കേണ്ടതായ ചോദ്യങ്ങൾക്ക് ഉത്തരം നൽകേണ്ടതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ, സ്ക്രൈബിന്റെ സേവനവും അനുവദിച്ചിട്ടുണ്ട്.

(8) ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഓരോ മണിക്കൂറിനും 10 മിനിറ്റ് അധിക സമയം, ഗ്രാഫുകൾ, ഡയഗ്രങ്ങൾ, ചിത്രങ്ങൾ ഇവ വരയ്ക്കേണ്ടതായ ചോദ്യങ്ങൾക്ക് ഉത്തരം നൽകേണ്ടതിൽ നിന്നും ഒഴിവാക്കൽ 25% ഗ്രേസ് മാർക്ക്, വ്യാഖ്യാതാവിന്റെയോ സ്ക്രൈബിന്റെയോ സേവനം എന്നിവ അനുവദിച്ചിട്ടുണ്ട്.

(9) പഠനവൈകല്യമുള്ള വിദ്യാർത്ഥികൾ

1. <u>ഡിസ് ലെക്സിയ</u>

ഈ വിഭാഗം വിദ്യാർത്ഥികൾക്ക് ഒരുപേപ്പറിന് മണിക്കൂറിന് 10 മിനിട്ട് അധികമായും കൂടാതെ ആവശ്യമെങ്കിൽ വ്യാഖ്യാതാവിന്റെ സേവനവും അനുവദിക്കുന്നതാണ്.

2. <u>ഡിസ് ഗ്രാഫിയ</u>

ഈ വിഭാഗം വിദ്യാർത്ഥികൾക്ക് ഒരുപേപ്പറിന് മണിക്കൂറിന് 10 മിനിട്ട് അധികമായി അനുവദിച്ചിട്ടുണ്ട്. കൂടാതെ ഒരു സ്ക്രൈബിനേയും അനുവദിച്ചിട്ടുണ്ട്.

3. <u>ഡിസ്കാൽക്കുലിയ</u>

ഈ വിഭാഗം വിദ്യാർത്ഥികൾക്ക് കണക്ക് വിഷയത്തിന് മാത്രമായി വ്യാഖ്യാതാവിന്റെ സേവനവും കൂടാതെ പേപ്പർ ഒന്നിന് മണിക്കൂറിന് 10 മിനിട്ട് അധിക സമയവും അനുവദിച്ചിട്ടുണ്ട്.

4. കാഴ്ച/കേൾവിശക്തി ഇല്ലാത്തവർ, കാഴ്ചശക്തി കുറഞ്ഞവർ, ബുദ്ധിമാന്ദ്യം ഉള്ളവർ, എഴുതുവാൻപ്രയാസം ഉള്ളവർ (ഡിസ്-ഗ്രാഫിയ),

സെറിബ്രൽ പാൾസി, ഓട്ടിസം മുതലായ പ്രയാസങ്ങളുള്ള വിദ്യാർത്ഥികൾക്ക് പരീക്ഷയ്ക്കായി കമ്പ്യൂട്ടർ/ലാപ്പോപ്പ് എന്നിവ ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(10)

1. വി.എച്ച്.എസ്.ഇ. എൻ.എസ്.ക്യൂ.എഫ്. കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് IED വിഭാഗം കുട്ടികൾക്ക് അധിക സീറ്റുകൾ സംവരണം നൽകിയിട്ടുണ്ട്.

2. NSQF മാനദണ്ഡങ്ങൾക്ക് വിധേയമായി ഭിന്നശേഷി വിദ്യാർത്ഥികൾക്കായി PWD കോഴ്സുകളായ Domestic Data Entry Operation, Self Employed Tailor എന്നീ കോഴ്സുകൾ നിലവിലുണ്ട്.

(11)

1. വി.എച്ച്.എസ്.ഇ. എൻ.എസ്.കയഎഫ്. കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് IED വിഭാഗം കുട്ടികൾക്ക് അധിക സീറ്റുകൾ സംവരണം നൽകിയിട്ടുണ്ട്.

2. NSQF മാനദണ്ഡങ്ങൾക്ക് വിധേയമായി ഭിന്നശേഷി വിദ്യാർത്ഥികൾക്കായി PWD കോഴ്സുകളായ Domestic Data Entry Operation, Self Employed Tailor കോഴ്സുകൾ നിലവിലുണ്ട്.

3. സ്കൂളിലെ റിസോഴ്സ് അധ്യാപകന്റെ സേവനം വി.എച്ച്.എസ്.ഇ. വിഭാഗം ഭിന്നശേഷി വിദ്യാർത്ഥികൾക്ക് ആവശ്യാനുസരണം നൽകിവരുന്നുണ്ട്.

4. പരീക്ഷകൾക്ക് നിയമാനുസൃതമായ ഇളവുകളും ഇന്റർപ്രട്ടർ/സ്ക്രൈബിന്റെ സേവനവും നൽകുന്നുണ്ട്. ആയതിനാൽ പരീക്ഷകൾ വിജയിച്ച് ഉപരിപഠനത്തിന് വിദ്യാർത്ഥികളെ അനുയോജ്യരാക്കുന്നു.

<u>ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് മുഖേന ഭിന്നശേഷിക്കാരായ കുട്ടികളുടെ ശാക്തീകരണത്തിനായി നടപ്പിലാക്കുന്ന സഹായ പ്രവർത്തനങ്ങളും പദ്ധതികളും</u>

<u>സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.</u>

ശ്രീ. അവിട്ടം തിരുനാൾ ആശുപത്രിയിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ ഗർഭിണികളുടേയും ഗർഭസ്ഥ

ശിശുക്കളുടെയും ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് IIDP -യുടെ (Integrated Tribal Development Program) പട്ടിക വർഗ്ഗ സമഗ്ര ആരോഗ്യരക്ഷാ ശീർഷക പ്ലാനിൽ നിന്നും പരിശോധനകളും മരുന്നും കൂട്ടിരിപ്പുകാർക്ക് ഒരു ദിവസം 200/- രൂപ നിരക്കിൽ ഡിസ്ചാർജ്ജ് ആകുന്നത് വരെ കൂട്ടിരിപ്പ് അലവൻസും ഡിസ്ചാർജ്ജ് സമയത്ത് രോഗികളെ അവരുടെ താമസ സ്ഥലത്ത് എത്തിക്കുക എന്നിവ ഈ പദ്ധതിയിലൂടെ സൗജന്യമായി ലഭ്യമാക്കുന്നു.

എസ്.എ.റ്റി ആശുപത്രിയിൽ പീഡിയാട്രിക്സ് യൂണിറ്റിൽ ഭിന്നശേഷി കുഞ്ഞുങ്ങൾക്കായി ഒ.പി ചികിത്സയും ഭിന്നശേഷി സർട്ടിഫിക്കറ്റിനായി വിലയിരുത്തലും നടത്തുന്നുണ്ട്.

അപൂർവ്വരോഗങ്ങൾക്ക് ഒരു പ്രത്യേക Rare Disease Clinic എസ്.എ.റ്റി ആശുപത്രിയിൽ വെള്ളിയാഴ്ച നടന്നു വരുന്നു.അതിനോടൊപ്പം ജനിതക ക്ലിനിക്കിലും അപൂർവ്വരോഗങ്ങളുള്ള കുട്ടികളെ ചികിത്സിക്കാറുണ്ട്. ചൊവ്വാഴ്ചയും വെള്ളിയാഴ്ചയുമായി അപൂർവ്വരോഗങ്ങളുള്ള കുട്ടികൾക്കുള്ള ഒ.പി വഴി അവരുടെ അസുഖം കണ്ടുപിടിക്കുന്നതിനും അസുഖത്തിനുള്ള ചികിത്സ നിർണ്ണയിക്കുന്നതിനും അത് നടപ്പാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ എസ്.എ.റ്റി ആശുപത്രിയിൽ ചെയ്തു വരുന്നു. എല്ലാ മാസവും ആദ്യത്തെ ചൊവ്വാഴ്ച എസ്.എം.എ രോഗ ബാധിതരായ കുഞ്ഞുങ്ങൾക്കായുള്ള ഒ.പി പീഡിയാട്രിക് ന്യൂറോളജി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ നടന്നു വരുന്നു.

വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ജനിക്കുന്ന നവജാത ശിശുക്കൾക്ക് താഴെ പറയുന്ന അപാകതകൾ കണ്ടുപിടിക്കാൻ സ്ക്രീനിംഗ് നടത്തുന്നു.

പുറമേക്ക് കാണുന്ന ജന്മനായുള്ള വൈകല്യങ്ങൾ

മെറ്റബോളിക് സ്ക്രീനിംഗ്

ശ്രവണ വൈകല്യങ്ങൾക്കുള്ള OAE ടെസ്റ്റ് (oto Acoustic Emission)

ജന്മനായുള്ള ഹൃദയത്തിലെ തകരാറുകൾക്കുള്ള പൾസ് ഓക്സിമെട്രി സ്ക്രീനിംഗ്

മേൽപ്പറഞ്ഞ ഏതെങ്കിലും തകരാറുകൾ ഉള്ളതായി കണ്ടെത്തിയ ശിശുക്കളെ ശലഭം പോർട്ടലിൽ രജിസ്റ്റർ ചെയ്യാറുണ്ട്. ഇത്തരം കേസുകൾ

കണ്ടെത്തുന്നതിന് എല്ലാ മാസവും രണ്ടാമത്തെയും മൂന്നാമത്തെയും ആഴ്ചയിലെ തിങ്കളാഴ്ചയിൽ ജില്ലാ ഏർലി ഇന്റർവെൻഷൻ സെന്ററിലെ ജീവനക്കാർ ഇവിടെ ആശുപത്രി സന്ദർശിക്കുന്നു. കൂടുതൽ തുടർനടപടികൾ ആവശ്യമുള്ള കുഞ്ഞുങ്ങളെ കൽപ്പറ്റ കൈനാട്ടിയിലുള്ള ജില്ലാ ഏർലി ഇന്റർവെൻഷൻ സെന്ററിലേക്ക് റഫർ ചെയ്യുന്നു.

ജന്മനാ ഹൃദയത്തിന് തകരാർ കണ്ടെത്തുന്ന കുഞ്ഞുങ്ങളെ ഹൃദ്യം പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയും തുടർന്ന് തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റിൽ പ്രവേശിക്കപ്പെട്ട ROP (Retinopathy of Prematurity) സ്ക്രീനിംഗ് ആവശ്യമുള്ള ഉയർന്ന അപകടസാധ്യതയുള്ള നവജാത ശിശുക്കളെ എല്ലാ ബുധനാഴ്ചയും ROP സ്ക്രീനിംഗിനായി ഇവിടത്തെ ഒഫ്താൽമോളജി വിഭാഗത്തിൽ കാണിക്കുന്നുണ്ട്.

അക്ഷയയുടെ കീഴിൽ രജിസ്റ്റർ ചെയ്ത വികലാംഗരായ മുതിർന്ന കുട്ടികളെ എല്ലാ ചൊവ്വാഴ്ചയും ഇവിടെ മെഡിക്കൽ ബോർഡ് കാണുകയും വികലാംഗ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നു.

ഓട്ടിസം, അറ്റൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക്റ്റിവിറ്റി ഡിസോർഡർ, മറ്റ് മാനസിക രോഗങ്ങൾ എന്നിവയുള്ള കുട്ടികളെ സൈക്യാട്രി ഡിപ്പാർട്ട്മെന്റിൽ കാണുകയും പതിവായി കൗൺസിലിംഗ് നൽകുകയും ചെയ്യുന്നു.

പട്ടിക വർഗ്ഗ സമഗ്ര ആരോഗ്യരക്ഷാ (പ്ലാൻ) ശീർഷകത്തിൽ പട്ടികവർഗ്ഗത്തിലെ നവജാത ശിശുക്കളുടെയും അവരുടെ അമ്മമാരുടെയും ചികിത്സാ ആനുകൂല്യങ്ങൾ ഈ പദ്ധതിയിലൂടെ ലഭ്യമാക്കി വരുന്നു.

ബിഹേവിയറൽ പീഡിയാട്രിക്ക് യൂണിറ്റിൽ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ഭാഗമായി ഓട്ടിസം സെന്റർ, റീജിയണൽ ഏർലി ഇന്റർവെൻഷൻ സെന്റർ എന്നീ പ്രോജക്ടുകൾ വഴി കുട്ടികളിലെ പ്രശ്നങ്ങൾ നേരത്തെ കണ്ടുപിടിക്കുകയും അതിന്റെ പരിഹാര മാർഗ്ഗങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഇതിന്റെ ഭാഗമായി ഒക്യുപേഷണൽ തെറാപ്പി, ഡവലപ്മെന്റൽ തേറാപ്പി, സ്പീച്ച് തെറാപ്പി എന്നിവ നൽകുന്നു.

അപൂർവ്വ രോഗങ്ങളുടെ പ്രത്യേക പദ്ധതി വഴി വില കൂടിയ മരുന്നുകൾ ചില അപൂർവ്വ രോഗങ്ങൾക്ക്

നൽകി വരുന്നുണ്ട്. ഇതിനോടകം തന്നെ അപൂർവ്വ രോഗ രജിസ്ട്രിയിൽ 200 ഓളം കുട്ടികൾ രജിസ്റ്റർ ചെയ്യുകയും അതിൽ ഈ പ്രത്യേക പദവിക്ക് അനുയോജ്യരായ 8 കുട്ടികളെ കണ്ടെത്തുകയും അവർക്ക് ഇതുവഴി ഏകദേശം രണ്ടു കോടിയോളം രൂപയുടെ മരുന്നുകൾ കഴിഞ്ഞ 6 മാസത്തിനുള്ളിൽ എസ്.എ.റ്റി ആശുപത്രി വഴി നൽകിയിട്ടുണ്ട്. എസ്.എം.എ ക്ലിനിക്കിൽ രജിസ്റ്റർ ചെയ്ത കുട്ടികളിൽ 73 കുട്ടികൾക്ക് എസ്.എം.എ ചികിത്സയ്ക്കുള്ള വില കൂടിയ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. അപൂർവ്വ രോഗങ്ങളിൽ കൂടുതലും ജനിതക രോഗങ്ങളായതു കൊണ്ട് അതിന്റെ രോഗ നിർണ്ണയത്തിനായി ഒരു ജനിതക ലാബ് ചൈൽഡ് ഡവലപ്മെന്റ് സെന്റർ (സി.ഡി.സി) ന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ മെഡിക്കൽ കോളേജിൽ ഒരു പുതിയ ജനിതക ലാബിന്റെ പണി പുരോഗമിക്കുന്നുണ്ട്. ഇതു കൂടി പരിപൂർണ്ണമായി പ്രവർത്തനമാരംഭിക്കുന്നതോടു കൂടി തിരുവനന്തപുരം മെഡിക്കൽ കോളേജ് ജനിതക രോഗ നിർണ്ണയത്തിൽ അത്യാധുനിക സേവനം നൽകുവാൻ പ്രാപ്തമാകും. ജനിതക രോഗമായതുകൊണ്ട് ആദ്യത്തെ കുഞ്ഞിന് അസുഖമുണ്ടായാൽ അടുത്ത കുഞ്ഞിന് ഗർഭാഗവസ്ഥയി തന്നെ രോഗ നിർണ്ണയം നടത്തുവാനും, ജനിതക കൗൺസിലിംഗിനുമുള്ള സൗകര്യം എസ്.എ.റ്റി ആശുപത്രിയിൽ ലഭ്യമാണ്. അടുത്ത കാലത്ത് ഗവൺമെന്റ് എസ്.എ.റ്റി ആശുപത്രിയിൽ ജനിതക ഡിപ്പാർട്ട്മെന്റ് ആരംഭിച്ചതിനാൽ എല്ലാ ദിവസവും ജനിതകരോഗ ചികിത്സ നൽകാൻ സാധിക്കുന്നുണ്ട്.

എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ സംസാര വൈകല്യം ഉള്ള കുഞ്ഞുങ്ങൾക്ക് സ്പീച്ച് തെറാപ്പിയും ചലനശേഷി വൈകല്യമുള്ള കുട്ടികൾക്ക് ഫിസിയോതെറാപ്പിയും നൽകി വരുന്നു.

കേൾവിശക്തി പരിശോധിക്കുന്നതിനായി കുഞ്ഞു ജനിച്ചു മൂന്നു ദിവസത്തിനുള്ളിലും ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ആകുന്നതിനു മുൻപ് ഒ.എ.ഇ പരിശോധന നടത്തി വരുന്നു. ഹൃദയ സംബന്ധമായ അസുഖങ്ങൾ കണ്ടുപിടിക്കുന്നപക്ഷം അവരെ District Early Intervention Centre ലേക്ക് റഫർ ചെയ്യുകയും ഹൃദ്യം പദ്ധതി വഴി ഓപ്പറേഷന് സൗകര്യം ലഭ്യമാക്കുകയും ചെയ്യുന്നു.

പഠനസംബന്ധമായ വൈകല്യമുള്ള കുട്ടികൾക്ക് ഡിസബിലിറ്റി ബോർഡ് കൂടി എഴുതാൻ ബുദ്ധിമുട്ട് നേരിടുന്ന കുട്ടികൾക്ക് ആവശ്യമെങ്കിൽ Scribe നെ

വയ്ക്കുന്നതിനും മനസ്സിലാക്കാൻ ബുദ്ധിമുട്ട് ഉള്ള കുട്ടികൾക്ക് അധിക സമയം നൽകുന്നതിനും ശുപാർശ ചെയ്യുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ